"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മഞ്ചേരി നഗരസഭയിലെ പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി ബിന്ദു, എറിയാട്ട്പൊയിൽ വീട് ന് ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1288/2024/LSGD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:-
1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27-04-2024 ലെ 6830/N/2022ll(SHO P-7 നമ്പർ കത്ത്
2. മഞ്ചേരി നഗരസഭാ കൗൺസിലിന്റെ 17-06-2023 ലെ 22 -ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

മഞ്ചേരി നഗരസഭയിലെ പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി ഗുണഭോക്താവ് ശ്രീമതി ബിന്ദു, എറിയാട്ട്പൊയിൽ വീട് ഭർത്താവിന്റെ അപകടമരണവും, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന മകനെ ശുശ്രൂഷിക്കാൻ വലിയ തുക വേണ്ടി വരുന്നതും കാരണം സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടതിനാൽ പദ്ധതിയിൽ തുടരാൻ സാധിക്കാതാവുകയും കരാർ റദ്ദ് ചെയ്ത് പദ്ധതിയിൽ നിന്നും ഒഴിവാകുകയും ചെയ്തു. കുടുംബത്തിന്റെ നിലവിലെ സ്ഥിതി പരിഗണിച്ച് പലിശ ഒഴിവാക്കി, കൈപ്പറ്റിയ ധനസഹായം മാത്രം തിരികെ അടവാക്കുന്നതിന് അനുമതി നൽകണമെന്ന് ടിയാൾ അഭ്യർത്ഥിച്ചിരുന്നു. ടിയാൾ കൈപ്പറ്റിയ ധനസഹായം മാത്രം അടവാക്കുന്നതിനും പലിശ ഒഴിവാക്കി നൽകുന്നതിനും നഗരസഭാ കൗൺസിൽ പരാമർശം 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും നഗരസഭാ കൗൺസിൽ ശിപാർശ പരിഗണിച്ചും ടിയാൾ കൈപ്പറ്റിയ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശ, മഞ്ചേരി നഗരസഭ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ച് മഞ്ചേരി നഗരസഭയിലെ പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി ബിന്ദു,

എറിയാട്ട്പൊയിൽ വീട് ന്, കൈപ്പറ്റിയ ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 18-07-2024 11:37:59
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി ബിന്ദു, w/o ജയകുമാർ(late),എറിയാട്ട്പൊയിൽ വീട്,അരുകിഴായ,മഞ്ചേരി
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ